## കത്തുകൾ

# പാളം തെറ്റിയ വണ്ടിയിൽ മുസ്‌ലിം യുവാക്കളും




**ഇസ്‌ലാമിന്റെ** മസൃണമായ മുഖത്തെ ഭീകരമാക്കാനും വക്രീകരിക്കാനും ശത്രുക്കൾ എക്കാലവും ഉപയോഗിച്ചുവന്ന സംജ്ഞയാണ് ജിഹാദ്. അതിൽ ഏറക്കുറെ അവർ വിജയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, ഈ തെറ്റുധാരണ തിരുത്താനും മനുഷ്യന്റെയും പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും സർവതോമുഖമായ പുരോഗതിയിലേക്കുള്ള ക്രമാനുഗതമായ വളർച്ചയാണ് ജിഹാദ് എന്ന് സ്ഥാപിക്കാനും അതിനുവേണ്ടി സ്നേഹ-കാരുണ്യങ്ങളിലൂന്നിയ പരസ്പര വിശ്വാസത്തിലൂടെ ജീവിത സാക്ഷ്യം നിർവഹിക്കാനും ശ്രമിക്കേണ്ട മുസ്‌ലിം യുവാക്കളിൽ തന്നെയുള്ള ഒരു വിഭാഗം ശത്രുവിന്റെ പാളംതെറ്റിയ വണ്ടിയിൽ സഹയാത്രികരായി കടന്നുകൂടിയിരിക്കുന്നു എന്ന വൈരുധ്യം അത്യന്തം ഗൗരവത്തോടെ കാണേണ്ടതാണ്.

ജിഹാദിന് ആയുധങ്ങളുടെ ഭാഷ്യം രചിക്കുന്നവർ ഇസ്‌ലാമിക മുൻഗണനാ തത്ത്വങ്ങൾക്ക് താളഭംഗം വരുത്തുകയാണെന്നുള്ള യാഥാർഥ്യം ഇസ്‌ലാമിന്റെ ഭാവിയിൽ പ്രതീക്ഷയുള്ളവർക്ക് ആശങ്കയാണ് സമ്മാനിക്കുന്നത്; വിശിഷ്യാ പ്രബോധക സംഘങ്ങൾക്ക്. അതുകൊണ്ട് സൗഹാർദത്തിന്റെ മേച്ചിൽപുറങ്ങൾ വിശാലമാക്കുകയും സംശയത്തിന്റെ ലാഞ്ഛന പോലുമില്ലാത്ത ഐക്യദാർഢ്യങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്തുകൊണ്ട് കാലത്തിന്റെ നാൾവഴിയിൽ സത്യംകൊണ്ടും സഹനംകൊണ്ടും സാക്ഷ്യങ്ങൾ ചാർത്താൻ ഇസ്‌ലാമിക പ്രവർത്തകർ സന്നദ്ധരാകേണ്ടതുണ്ട്; അതാണ് സന്ദർഭം ആവശ്യപ്പെടുന്നതും.

'ന്യൂനപക്ഷം, നീതിനിഷേധം, പ്രതിരോധം' എന്ന ഖാലിദ് മൂസ നദ്‌വിയുടെ ലേഖനമാണ്(ലക്കം 35) ഈ വാക്കുകൾ കുറിക്കാൻ പ്രേരകം. ആ ലേഖനം ഇസ്‌ലാമിക പ്രവർത്തകർ മനസ്സിരുത്തി വായിക്കേണ്ടതും വായിപ്പിക്കേണ്ടതുമാണ്.

**വി.കെ അബ്ദുൽ ജബ്ബാർ**
**ചേന്ദമംഗലം**

# ആര് ഭരിച്ചാലും മദ്യപ്രളയം തന്നെ

**കേരളത്തിൽ** ഭരണപക്ഷ-പ്രതിപക്ഷമില്ലാതെ എല്ലാവർക്കും ഒരേ മദ്യനയമാണ്. ഓരോ മന്ത്രിസഭ മാറുമ്പോഴും ജനത്തെ മദ്യത്തിൽ ആറാടിക്കാൻ എന്തുണ്ട് പുതുവഴി എന്നാണ് ആലോചിക്കുന്നത്.

1950-ൽ കേരളത്തിൽ ഭാഗികമായി മദ്യനിരോധം നടപ്പാക്കിയിരുന്നു. പൂർണമായും മദ്യം നിരോധിക്കുമെന്ന് അന്ന് പ്രഖ്യാപനമുണ്ടായി. 1967 ഏപ്രിൽ 26-ന് കേരള മന്ത്രിസഭ മദ്യനിരോധന നിയമം റദ്ദാക്കാൻ തീരുമാനിക്കുകയും പിറ്റേദിവസം ഗവർണർ മദ്യനിരോധന ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. അതോടെ ജനങ്ങളുടെ എല്ലാ പ്രതീക്ഷകളും അസ്ഥാനത്തായി. മദ്യനിരോധം നീക്കാനുള്ള തീരുമാനത്തെ തുടർന്ന് മദ്യ കോൺട്രാക്ടർമാർ കോഴിക്കോട് താലൂക്ക് മാത്രം കേന്ദ്രീകരിച്ച് നൂറിൽപരം കള്ളുഷാപ്പുകളും വിദേശമദ്യഷാപ്പുകളും ചാരായക്കടകളും തുറക്കാൻ തീരുമാനിച്ചു. ഇതേകാലത്ത് യു.പിയിലും തമിഴ്നാട്ടിലും മദ്യം നിരോധിക്കാൻ കർശനമായ തീരുമാനമെടുക്കുകയും നിരവധി ജില്ലകളിൽ മദ്യം നിരോധിക്കുകയും ചെയ്തിരുന്നു. ലീഗിന് പ്രാതിനിധ്യമുള്ള 67-ലെ മന്ത്രിസഭ മദ്യനിരോധനഭേദഗതിയുമായി മുന്നോട്ടുപോയി. ഇന്ന് പറയുന്ന അതേ ന്യായമാണ് അന്നും പറഞ്ഞത്. ഖജനാവിൽ പണമില്ല, ഭക്ഷ്യക്ഷാമവും വിലക്കയറ്റവും രൂക്ഷം, പട്ടിണിമരണങ്ങൾ വർധിക്കുന്നു, മദ്യനിരോധം എടുത്തുകളഞ്ഞാൽ സർക്കാറിന് ഏഴെട്ടു കോടി രൂപ ലാഭം കിട്ടും........ മദ്യനിരോധന നിയമം റദ്ദാക്കിയതിനെ അന്നത്തെ തമിഴ്നാട് മുഖ്യമന്ത്രി അണ്ണാദുരൈ 'കേരള ഗവൺമെന്റിന്റെ ബാലിശമായ തീരുമാനം' എന്നാണ് വിശേഷിപ്പിച്ചത്. ജനങ്ങൾ മദ്യത്തിന് വിനിയോഗിക്കുന്ന പണം മദ്യപിച്ചില്ലെങ്കിൽ മറ്റു പല കാര്യങ്ങൾക്കായി ചെലവഴിച്ച് ഗവൺമെന്റിന്റെ തന്നെ വരുമാനമാക്കി മാറ്റാമെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോഴത്തെ മദ്യനയവും 1967-ലെ മദ്യനയവും തമ്മിൽ വളരെയേറെ സാദൃശ്യമുണ്ട്.

**നേമം താജുദ്ദീൻ, തിരുവനന്തപുരം**

# ഇസ്‌ലാമിക ചിന്ത സങ്കുചിതമാകുന്നതെന്തുകൊണ്ട്?

**'ഇസ്‌ലാമിക:** ചിന്ത, പുനരാലോചനയുടെ പ്രസക്തി' എന്ന എൻ.കെ.എം ശുകൂറിന്റെ (ലക്കം 35) ലേഖനത്തോടുള്ള പ്രതികരണമാണിത്. ലേഖകൻ ആദ്യഭാഗത്ത് നിരീക്ഷിച്ച വീക്ഷണങ്ങളോട് പൂർണമായി യോജിക്കാനാവുന്നില്ല. ഇസ്‌ലാമിക ജീവിതം ക്ലിഷ്ടമായ അനുഷ്ഠാനമായി മാറുന്നതിന്റെ ആകുലതകളും കാരണങ്ങളും ആരായുകയാണ് ലേഖകൻ. വിശുദ്ധ ഖുർആൻ നിർദേശിച്ചിട്ടില്ലാത്ത വിലക്കുകളെയും നിഷിദ്ധങ്ങളെയും ഭേദിക്കുക തന്നെ വേണം. എന്നാൽ 'ചില്ലറ നിരോധനങ്ങളൊഴിച്ച്, ഇസ്‌ലാമിക ദൃഷ്ട്യാ മനുഷ്യൻ പരമമായി സ്വതന്ത്രനാണ്' എന്ന വീക്ഷണം അൽപം കടന്നുപോയില്ലേ? ഇതിനുദാഹരണമായി, 'ആദം നബിക്ക് പരമമായ സ്വാതന്ത്ര്യമുണ്ടായിരുന്നു; ഒറ്റ വൃക്ഷത്തിന്റെ ഫലം മാത്രമേ വിലക്കപ്പെട്ടിരുന്നുള്ളൂ' എന്ന് ചൂണ്ടിക്കാണിക്കുന്നു. ശരിയാണ്, ആദം നബിക്ക് ഒരു കനി മാത്രമാണ് വിലക്കപ്പെട്ടിരുന്നത്. എന്നാലിന്ന് നിരവധി 'വിലക്കപ്പെട്ട ഫല'ങ്ങളാൽ വലയം ചെയ്യപ്പെട്ടിരിക്കുകയാണ് നാം. നോക്കുന്നത് ഹറാം, കാണുന്നത് ഹറാം, കേൾക്കുന്നതും ഭക്ഷിക്കുന്നതും വരെ ഹറാമാകാൻ സാധ്യത വർധിച്ചിരിക്കുകയാണ്. ഇത്തരം സന്ദർഭങ്ങളിൽ അതിരുകളിൽ മേയുന്ന ആടിനെ സൂക്ഷിക്കണമെന്ന് പറഞ്ഞപോലെ അൽപം സൂക്ഷ്മത കൈക്കൊള്ളുന്നതും 'പരമമായ സ്വാതന്ത്ര്യ'ത്തെ മാറ്റിനിർത്തുന്നതുമാണ് ഉചിതമായിട്ടുള്ളത്. അത് ഇസ്‌ലാമിന്റെ നൈസർഗികതകളെ നിരാകരിക്കലല്ല, സംസ്കരണ സൂക്ഷ്മതയെ സ്വീകരിക്കലാണ്. ക്ഷമ കൈക്കൊള്ളുന്നവർക്കും ദൃഢചിത്തരായ സൂക്ഷ്മാലുക്കൾക്കും ഇത് ക്ലിഷ്ടമായ ഒരനുഷ്ഠാനമായി തോന്നുകയില്ല.

വർത്തമാനകാല പ്രശ്നങ്ങൾക്ക് ഖുർആന്റെയും സുന്നത്തിന്റെയും കാലിക വായന നടത്തി പരിഹാരം കണ്ടെത്തേണ്ടതിനു പകരം മുൻകാല പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ എന്താണ് പറഞ്ഞിട്ടുള്ളത് എന്ന് മാത്രം നോക്കി പരിഹാരം നിർദേശിക്കുന്ന പണ്ഡിതന്മാർ കളങ്കപ്പെടുത്തുന്നത് ഇസ്‌ലാമിന്റെ വിശാല വീക്ഷണത്തെയാണ് എന്ന ലേഖകന്റെ പരിഭവം വസ്തുതാപരമാണ്. ഓരോ കാലത്തെയും പണ്ഡിതന്മാർ അക്കാലത്തെ ഏറ്റവും വലിയ ദൗത്യമാണ് ഏറ്റെടുത്ത് ഭംഗിയായി നിർവഹിച്ചത്. അവരത് സാധിച്ചെടുത്തത് പഴയ വാറോലകൾ പരതിയായിരുന്നില്ല. ഖുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും പ്രചോദനമുൾക്കൊണ്ട് നിരന്തരമായി അന്വേഷണ ഗവേഷണങ്ങൾ നടത്തിയായിരുന്നു. എന്നാൽ, ഇന്നും അതേ പണ്ഡിതവചനങ്ങൾ പ്രമാണമാക്കി കൊണ്ടുനടക്കുന്നത് വിരോധാഭാസമാണ്. അത്തരം ഗ്രന്ഥങ്ങളോന്നും കാലാതിവർത്തികളല്ല എന്നതുതന്നെ കാരണം.

**എം.എ റഹ്മാൻ കാവനൂർ, ഇസ്‌ലാമിയാ കോളേജ് തളിക്കുളം**

## പ്രകൃതിപരമായ ഇടപെടലില്ല, ദൈവിക ഇടപെടൽ മാത്രം

**‘സ്വത്വസംരക്ഷണം** ഇസ്‌ലാമിക വായന’ എന്ന തലക്കെട്ടിൽ കെ.ടി ഹുസൈൻ എഴുതിയ ലേഖനത്തിലെ (ലക്കം 40) ഒരു പരാമർശമാണ് ഈ കുറിപ്പിന് പ്രേരകം. മനുഷ്യ സ്വത്വ രൂപീകരണത്തിന്റെ ജീവശാസ്ത്രപരവും നരവംശപരവുമായ ഘടകങ്ങളുടെ രൂപീകരണത്തിലും നിർണയത്തിലും മനുഷ്യേഛക്ക് യാതൊരു പങ്കുമില്ലെന്ന തന്റെ വീക്ഷണം വിശദീകരിച്ചുകൊണ്ട് അദ്ദേഹമെഴുതുന്നു: ‘ഒരാൾ പുരുഷനോ സ്ത്രീയോ ആയി ജനിക്കുന്നതും പാശ്ചാത്യനോ പൗരസ്ത്യനോ ആകുന്നതും മനുഷ്യന്റെ സ്വയം തീരുമാനപ്രകാരമല്ല. ‘പ്രകൃതിപരമോ ദൈവികമോ’ ആയ ഇടപെടലുകളാണ് അവയെ നിർണയിക്കുന്നത്.’ ഇവിടെ പ്രകൃതിപരമോ ദൈവികമോ ആയ ഇടപെടൽ എന്ന് പ്രയോഗിക്കുമ്പോൾ ചില ഘടകങ്ങളെ ദൈവിക ഇടപെടലുകളും മറ്റുചിലതിനെ പ്രകൃതിപരമായ ഇടപെടലുകളും നിർണയിക്കുന്നു എന്നാണല്ലോ ദ്യോതിപ്പിക്കുന്നത്. യഥാർഥത്തിൽ ദൈവിക ഇടപെടലിനപ്പുറം പ്രകൃതിപരമായ യാതൊരിടപെടലും പ്രപഞ്ചത്തിൽ സംഭവിക്കുന്നില്ല. അല്ലാഹുവിന്റെ ഇടപെടൽ മാത്രമാണ് സകല യാഥാർഥ്യങ്ങളുടെയും പ്രതിഭാസങ്ങളുടെയും അകവും പുറവും നിറഞ്ഞുനിൽക്കുന്നത്. പ്രസ്തുത ഇടപെടലിന്റെ രൂപഭാവങ്ങളിൽ ദൈവനിർണിതമായി തന്നെയുള്ള വൈജാത്യങ്ങൾ കാണാമെന്നു മാത്രം. അതിനാൽ ദൈവിക ഇടപെടലിനൊപ്പം ‘പ്രകൃതിപരമായ ഇടപെടൽ’ എന്ന പ്രയോഗം അർഥശൂന്യമാണ്.

‘പ്രകൃതിപരം’ എന്ന പ്രയോഗത്തിന്റെ രാഷ്ട്രീയവും നാം തിരിച്ചറിയേണ്ടതുണ്ട്. മനുഷ്യാസ്തിത്വമടക്കമുള്ള സകല യാഥാർഥ്യങ്ങളുടെയും പ്രതിഭാസങ്ങളുടെയും കർതൃത്വത്തിൽനിന്ന് അല്ലാഹുവിനെ സൗകര്യപൂർവം മാറ്റിനിർത്താൻ ഭൗതിക പ്രത്യയശാസ്ത്രങ്ങളുടെ വക്താക്കൾ ബോധപൂർവം മെനഞ്ഞെടുത്ത പ്രയോഗങ്ങളാണ് ‘പ്രകൃതിപരമായ ഇടപെടൽ’ ‘യാദൃഛികം’ തുടങ്ങിയവ. ദൈവാസ്തിക്യം സാക്ഷ്യപ്പെടുത്തുന്ന ഏതു യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കുമ്പോഴും ഇത്തരക്കാർ അവയുടെ സൃഷ്ടികർതൃത്വം പ്രകൃതിക്കും യാദൃഛികതക്കും മറ്റും ഏൽപിച്ചുകൊടുക്കുകയും അല്ലാഹുവിന്റെ അസ്തിത്വത്തിന് നേരെ കണ്ണടച്ചിരുട്ടാക്കുകയും ചെയ്യുന്നു. അതിനാൽതന്നെ, വർത്തമാന പരിസരത്തിലെങ്കിലും ഇത്തരം പ്രയോഗങ്ങൾ നടത്തുമ്പോൾ നാം അറിയാതെ ദൈവിക ഇടപെടൽ എന്ന യാഥാർഥ്യത്തെ ഭാഗികമായെങ്കിലും നിരാകരിക്കുകയും തൽസ്ഥാനത്ത് നാസ്തികബോധത്തെ പകരം വെക്കുകയുമാണ് ചെയ്യുന്നതെന്ന് തിരിച്ചറിയേണ്ടതുണ്ട്.

**മുസ്അബ്, മലപ്പുറം**

## രോഗം അണികളിലേക്കും പടരുന്നു

**“സഹോദരന്മാരേ,** എന്റെ സമുദായം ഒരു പിന്നാക്കവിഭാഗമാണ്. അതിനാൽ അവരിൽ എല്ലാവരിൽനിന്നും വേണ്ടത്ര ഔചിത്യബോധവും പക്വതയും പ്രതീക്ഷിക്കുന്നതിൽ അർഥമില്ല. അതുകൊണ്ടുതന്നെ സദസ്സിന്റെ നിലവാരത്തിന് യോജിക്കുന്നതല്ലെങ്കിലും ഈ ചോദ്യത്തിന് മറുപടി പറയുകയാണ്........”

‘ദൈവം, വേദം, മനുഷ്യൻ’ എന്ന വിഷയത്തിൽ ഡയലോഗ് സെന്റർ പെരിങ്ങത്തൂരിൽ സംഘടിപ്പിച്ച സ്നേഹസംവാദത്തിൽ ഒരു പുരോഗമനപ്രസ്ഥാനഗ്രൂപ്പുകാരൻ ഉയർത്തിയ സോളിഡാരിറ്റിവിരുദ്ധ ചോദ്യത്തിന് ശൈഖ് മുഹമ്മദ് കാരകുന്നിന്റെ പ്രതികരണമാണിത്. മുഖ്യമായും സഹോദരസമുദായാംഗങ്ങളെ പങ്കെടുപ്പിച്ച് നടന്ന പ്രസ്തുത പരിപാടിയിൽ ഇങ്ങനെയൊരു രംഗമുണ്ടായപ്പോൾ ഈ കുറിപ്പുകാരന്റെ മനസ്സിലേക്ക് എത്തിയത് ‘പ്രതിവാര’ത്തിൽ സീതി എഴുതിയ ‘മേത്തരം കിടക്കകളും ഇസ്‌ലാമിക നവോത്ഥാനവും’ (ലക്കം 38) എന്ന ലേഖനമാണ്.

സംഘടനാ മത്സര്യവും ദുർവാശിയും കൂടിക്കൂടി ഇപ്പോൾ പലർക്കും സ്ഥലകാലബോധം പോലും നഷ്ടമായിരിക്കുന്നു. അന്ധമായ വിമർശനവും വിഴുപ്പലക്കലും മുഖമുദ്രയാക്കിയിരിക്കുകയാണ് പ്രസിദ്ധീകരണങ്ങളും പ്രഭാഷകരും. ഇവയിൽനിന്ന് ലഭിക്കുന്ന ദുരാവേശത്തിൽ പ്രവർത്തകരും താഴേക്കിടയിൽ തീരെ സുഖകരമല്ലാത്ത അന്തരീക്ഷമാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

ഭിന്നിപ്പ് ജീവവായുവാക്കിക്കൊണ്ടുള്ള ഈ സംഘടനാ സംസ്കാരം മാറ്റിയെടുക്കാൻ സമുദായത്തിലെ പക്വമതികളായ പണ്ഡിതരും നേതാക്കളും ഒരു ദീർഘകാല അജണ്ട ആവിഷ്കരിച്ചാൽ ഒരുപക്ഷേ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ സാധിക്കുമായിരിക്കും.

**ഇബ്നുഹാശിം, മാഹി**

## സെക്സ് ടൂറിസവും വിദ്യാഭ്യാസനയവും

മതസംഹിതകൾ ഉയർത്തിപ്പിടിക്കുന്ന സകല സദാചാരമൂല്യങ്ങളെയും നിരാകരിച്ചുകൊണ്ടാണ് സർക്കാർ ലൈംഗിക വിദ്യാഭ്യാസത്തിന്റെ മറവിൽ ‘സെക്സ് ആരുമായുമാവാം സുരക്ഷിതമായാൽ മതി’ എന്ന സന്ദേശം വിദ്യാർഥികൾക്ക് പകർന്നുകൊടുക്കുന്നത്. സർക്കാർ ആരവത്തോടെ എഴുന്നള്ളിക്കുന്ന ടൂറിസം ഇതുമായി ചേർത്തു വായിക്കണം.

ടൂറിസമാണ് ഇന്ന് ഏറ്റവും ആദായകരം എന്ന് സർക്കാർ മനസ്സിലാക്കിയിരിക്കുന്നു. അതിനാലാണ് ഫാം ടൂറിസം, സ്പെഷ്യൽ സാമ്പത്തികമേഖലയെ (SEZ) തുടർന്നുവരുന്ന സ്പെഷ്യൽ ടൂറിസ്റ്റ് സോൺ(STZ) എന്നിവയുടെ മറവിൽ സെക്സ് ടൂറിസത്തിന് സർക്കാർ ശ്രമിക്കുന്നത്.

വിനോദസഞ്ചാര വികസന സാധ്യതയുള്ള സ്ഥലങ്ങളെ പ്രത്യേക ടൂറിസ്റ്റ് സോൺ ആക്കി പ്രഖ്യാപിച്ച് അവിടങ്ങളിൽ 2000 മുതൽ 3000 വരെ ഹോട്ടൽ മുറികളും റസ്റ്റോറന്റുകളും സ്ഥാപിച്ച് തുറന്ന ലൈംഗിക വ്യവസായത്തിന് കളമൊരുക്കുകയാണ് സർക്കാർ.

മതമൂല്യങ്ങൾ മാറ്റിവെച്ച് ഇത്തരം ലൈംഗിക വ്യവസായങ്ങളോട് രാജിയാവുന്ന തരത്തിൽ വിദ്യാർഥി തലമുറയെ മാറ്റിയെടുക്കുക എന്ന മുതലാളിത്ത തന്ത്രമാണ് പുതിയ ലൈംഗിക വിദ്യാഭ്യാസ പദ്ധതിയിലൂടെ സർക്കാർ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്.

എതിർപ്പ് പരിഗണിച്ച് തൽക്കാലം സർക്കാർ പിന്മാറിയെങ്കിലും ഇത്തരം നീക്കങ്ങളുമായി ഇനിയും അവർ രംഗത്തുവരുമെന്ന് തീർച്ചയാണ്. അതിനാൽ പൊതുസമൂഹം ജാഗരൂകരായിരിക്കേണ്ടതുണ്ട്.

**നൗഫൽ, ഓലപ്പീടിക**

## ▪ ചുരുക്കെഴുത്ത്

**കഴിഞ്ഞ** മാർച്ച് 19-ന് പുലർച്ചെ കേരളത്തിൽ ഭാഗികമായി സൂര്യഗ്രഹണം അനുഭവപ്പെടുകയുണ്ടായി. അതിന് രണ്ടാഴ്ചമുമ്പ് ചന്ദ്രഗ്രഹണം പൂർണമായി ദൃശ്യമായിരുന്നു. സൂര്യ, ചന്ദ്രഗ്രഹണങ്ങൾ ലോക സ്രഷ്ടാവായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളാണ്. ഗ്രഹണമുണ്ടാകുമ്പോൾ പ്രത്യേക രീതിയിലുള്ള സംഘടിത നമസ്കാരം നബി(സ) പഠിപ്പിച്ചിട്ടുണ്ട്. പക്ഷേ, ഈ രണ്ട് ഗ്രഹണവേളകളിലും കേരളത്തിൽ മഹല്ലടിസ്ഥാനത്തിൽ ഗ്രഹണ നമസ്കാരം നടത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. പ്രവാചകമാതൃക നിലനിർത്താൻ പണ്ഡിതന്മാർക്കും മുസ്‌ലിം സംഘടനാ നേതാക്കൾക്കും ബാധ്യതയില്ലേ?

**കെ. അബൂബക്കർ, വടക്കാങ്ങര**

# കൗമാര വിദ്യാഭ്യാസ പദ്ധതി ക്ലാസ്മുറികളെ താളം തെറ്റിക്കും

The destiny of India is being shaped in the classrooms (ഇന്ത്യയുടെ ഭാവി ക്ലാസ്മുറികളിൽ കരുപ്പിടിപ്പിക്കപ്പെടുന്നു). സെക്കന്ററി വിദ്യാഭ്യാസ പരിഷ്കരണത്തിനായി ഇന്ത്യാഗവൺമെന്റ് നിയമിച്ച കോത്താരി കമീഷൻ റിപ്പോർട്ടിലെ പ്രഥമവാചകമാണിത്. കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് വർഷങ്ങൾ പിന്നിടുമ്പോൾ The destiny of India is being destroyed in the classrooms എന്ന് തിരുത്തിവായിക്കേണ്ട ഒരവസ്ഥയിലേക്ക് രാജ്യത്തിന്റെ വിദ്യാഭ്യാസരംഗം നീങ്ങുകയാണ്.

ലോക ബാങ്കിന്റെയും ഇതര വൈദേശിക എജൻസികളുടെയും ഫണ്ട് മാത്രം ലക്ഷ്യംവെച്ച് അവർ ആവിഷ്കരിക്കുന്ന ഏത് പദ്ധതിയും കണ്ണടച്ച് അംഗീകരിക്കുന്ന പ്രവണത ഇന്ത്യയിൽ പൊതുവെ നിലനിൽക്കുന്നുണ്ട്. പ്രബുദ്ധ സംസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. ആരോഗ്യരംഗത്ത് കേരളത്തിൽ നടപ്പിലാക്കിയ ഐ.പി.പി പദ്ധതിയുടെയും വിദ്യാഭ്യാസ മേഖലയിലെ ഡി.പി.ഇ.പി, എസ്.എസ്.എ തുടങ്ങിയവയുടെയും അടിസ്ഥാന ആകർഷണം അതുമൂലം കൈവരുന്ന സാമ്പത്തിക നേട്ടമായിരുന്നു.

ഇപ്പോൾ യൂനിസെഫ് ആവിഷ്കരിച്ചിട്ടുള്ള കൗമാര വിദ്യാഭ്യാസ പദ്ധതി പുതിയൊരു ഭീഷണിയാണുണർത്തുന്നത്. എൻ.സി.ഇ.ആർ.ടിയുടെയും നാഷ്നൽ എയിഡ്സ് കൺട്രോൾ സൊസൈറ്റിയുടെയും ഒത്താശയോടെ കേരളത്തിൽ എസ്.സി.ഇ.ആർ.ടി ഈ പദ്ധതിക്ക് പച്ചക്കൊടി കാണിച്ചുകഴിഞ്ഞു. ലോകാടിസ്ഥാനത്തിൽ ആരോഗ്യജീവിതത്തിന് കടുത്ത ഭീഷണി സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന എയിഡ്സ് രോഗത്തിന്റെ വ്യാപനം തടയുകയാണത്രെ പദ്ധതിയുടെ ലക്ഷ്യം. ഇതിന് സുരക്ഷിത ലൈംഗികതയുടെ 'ലൈവ്' ക്ലാസ് മുറികളിൽ അവതരിപ്പിക്കാനാണ് അധ്യാപകർക്ക് പരിശീലനം നൽകുന്നത്. അധ്യാപകരും അധ്യാപികമാരും 'റോൾപ്ലേ' നടത്തി കുട്ടികളെ ബോധവൽക്കരിക്കാനും പദ്ധതി പരിപാടിയിടുന്നു.

എയിഡ്സ് തുടങ്ങിയ മാരക രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം ഒരിക്കലും എതിർക്കപ്പെടേണ്ടതല്ല. സാമൂഹിക വിപത്തുകളെക്കുറിച്ചുള്ള ബോധവൽക്കരണം ക്ലാസ്മുറികളിലേക്ക് കടന്നുവരുന്നതും നിഷിദ്ധമല്ല. പക്ഷേ, വിദ്യാഭ്യാസപ്രക്രിയയിൽ അവശ്യം അനുവർത്തിക്കേണ്ട നടപടിക്രമങ്ങളോ ശിശു മനശ്ശാസ്ത്രത്തിന്റെ വിശാലമായ തലങ്ങളോ പരിഗണിക്കാതെയാണ് കൗമാര വിദ്യാഭ്യാസ പദ്ധതി കുട്ടികളിലേക്ക് കൊണ്ടുവരുന്നത്. ഇത് ഗുണത്തിലേറെ ദോഷം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. ഒമ്പതാം ക്ലാസ്സിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പതിനാലോ പതിനഞ്ചോ വയസ് പ്രായമുള്ള കുട്ടികളാണ് ഒമ്പതാം ക്ലാസിൽ പഠിക്കുന്നത്. കാണുന്നതും കേൾക്കുന്നതുമൊക്കെ അനുകരിക്കാറുള്ള പ്രവണത ഈ പ്രായത്തിന്റെ സവിശേഷതയാണ്. സിനിമയിലും സീരിയലിലും കാണുന്നതൊക്കെ അപ്പടി ജീവിതത്തിൽ പകർത്താനുള്ള ത്വര ഈ പ്രായത്തിലാണ് പ്രകടമാവുന്നത്. സ്കൂൾ വിദ്യാർഥികളുടെ ആത്മഹത്യാ നിരക്കിനെക്കുറിച്ചുള്ള പഠനം ഈ വസ്തുതയിലേക്ക് വിരൽചൂണ്ടുന്നു. കാലക്രമത്തിൽ ക്ലാസ് മുറികൾ അനിയന്ത്രിതമായ ലൈംഗിക ആഭാസങ്ങളുടെയും അശ്ലീലതയുടെയും കൂത്തരങ്ങായി മാറാനേ ഇത്തരം പദ്ധതികൾ ഉപകരിക്കുകയുള്ളൂ.

സുരക്ഷിത ലൈംഗികത ക്ലാസ് മുറികളിൽ വെച്ച് കുട്ടികളെ അഭ്യസിപ്പിച്ചെങ്കിൽ മാത്രമേ എയിഡ്സിന്റെ വ്യാപനം തടയാൻ സാധിക്കുകയുള്ളൂ എന്ന കണ്ടെത്തൽ അപക്വവും മണ്ടത്തരവുമാണ്. സുരക്ഷിതമായ ലൈംഗികതയിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് ലൈംഗികത എന്താണെന്ന് കുട്ടികളെ പഠിപ്പിക്കേണ്ടിവരും. കുട്ടികളുടെ 'മുന്നറിവ്' പരിശോധിച്ചുകൊണ്ടുമാത്രമേ പുതിയ പാഠഭാഗങ്ങളിലേക്ക് കടക്കാൻ പാടുള്ളൂ എന്നാണ് പുതിയ ബോധനരീതി നിഷ്കർഷിക്കുന്നത്. 14 വയസ്സിനു താഴെയുള്ള കുട്ടികളിൽ ഈ വിഷയകമായ മുന്നറിവ് പ്രതീക്ഷിക്കാനും വയ്യ. സുരക്ഷിത ലൈംഗികതയെക്കുറിച്ചുള്ള ക്ലാസ്സുകൾ കുട്ടികളിലെ ലോലവികാരങ്ങളെ തട്ടിയുണർത്താനും സദാചാരവിരുദ്ധ ചെയ്തികൾക്ക് പ്രേരണനൽകാനും ഇടവരുത്തുകയായിരിക്കും ഫലം. അനിയന്ത്രിത ലൈംഗികതയെ പ്രോത്സാഹിപ്പിക്കാത്ത ഒരു സംസ്കാരമാണ് കേരളത്തിലുള്ളത്. ഇത്തരം സമൂഹങ്ങളിൽ എയിഡ്സ് പോലുള്ള മാരകരോഗങ്ങൾക്ക് കാരണമാകുന്ന വൈകൃതങ്ങൾ വ്യാപകമായ രീതിയിൽ ഉടലെടുക്കാൻ സാധ്യതയില്ല. കേരളീയരുടെ ആത്മീയ പ്രതിരോധമാണ് വികലമായ ലൈംഗികതയിൽനിന്നും ആഭാസത്തരങ്ങളിൽനിന്നും തലമുറകളെ കാത്തുരക്ഷിക്കുന്നത്.

കൗമാര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവാചകരായ യൂറോപ്യൻ ഉദ്യോഗസ്ഥർക്ക് കേരളത്തിന്റെ ഈ സവിശേഷത മനസ്സിലാക്കാൻ കഴിയില്ല. ഭൗതികതയാണ് യൂറോപ്യൻ സംസ്കാരത്തിന്റെ കേന്ദ്രബിന്ദു. ആധുനിക ഭൗതികത സൃഷ്ടിക്കുന്ന എല്ലാ ദുരന്തങ്ങളും മുതിർന്നവരെന്നോ കുട്ടികളെന്നോ വ്യത്യാസമില്ലാതെ മുതലാളിത്തരാജ്യങ്ങളെ ബാധിക്കുന്നു. ഗേൾഫ്രണ്ടും ബോയ്ഫ്രണ്ടുമൊത്ത് വിദ്യാർഥികളും യുവാക്കളും സ്വതന്ത്രമായി ദേശാടനം നടത്തുന്നതും ഒരുമിച്ച് താമസിക്കുന്നതും യൂറോപ്യൻ രാജ്യങ്ങളിൽ പുതുമയുള്ള കാര്യമല്ല. കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിദേശ രാജ്യങ്ങളിൽനിന്നെത്തുന്ന ഇത്തരക്കാരുടെ സ്വൈരവിഹാരവും കൂത്താട്ടവും മലയാളികൾക്ക് വലിയ ഭീഷണിയായിത്തീർന്നിട്ടുണ്ട്. യുവതലമുറയെ കയറൂരി വിട്ടതിന്റെ ദുരന്തഫലങ്ങളാണ് ഇന്ന് പാശ്ചാത്യ ലോകം അനുഭവിക്കുന്നത്.

**പി.എ.എം അബ്ദുൽഖാദിർ തിരൂർക്കാട്**